**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1719** **05-07-2022 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ സർവ്വകലാശാലകളിലെ പരീക്ഷ നടത്തിപ്പിലെ പോരായ്മ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സർവ്വകലാശാലകളിലെ പരീക്ഷ നടത്തിപ്പിലെ പോരായ്മകളുമായി ബന്ധപ്പെട്ട പത്രവാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അടുത്തിടെ കേരളത്തിലെ ഏതെല്ലാം സർവ്വകലാശാലകളിലെ ഏതെല്ലാം പരീക്ഷകളുടെ മുൻവർഷത്തെ ചോദ്യപേപ്പറാണ് ആവർത്തിച്ചതെന്ന് അറിയിക്കുമോ; ഇതിൽ എന്തെല്ലാം നടപടികളാണ് സർവ്വകലാശാലകൾ സ്വീകരിച്ചിട്ടുള്ളത്; | (ബി) | കേരള സർവ്വകലാശാല 2022 ഏപ്രിൽ മാസം നടത്തിയ BA (CBCSS & CR) ആറാം സെമസ്റ്റർ ഇംഗ്ലീഷ് പരീക്ഷയിലെ (Methodology & Perspectives of Humanities) എന്ന വിഷയത്തിലെ ചോദ്യപേപ്പർ ആവർത്തിച്ചിട്ടുണ്ട്. പ്രസ്തുത പരീക്ഷ ഉടൻ തന്നെ റദ്ദ് ചെയ്യുകയും പുനഃപരീക്ഷ നടത്തുകയും ചെയ്തു. കൂടാതെ, ചോദ്യപേപ്പർ തയ്യാറാക്കിയ അദ്ധ്യാപകനെ സ്ഥിരമായി സർവ്വകലാശാലയുടെ ചോദ്യപേപ്പർ തയ്യാറാക്കുന്ന ജോലിയിൽ നിന്നും ഡീബാർ ചെയ്യുകയും പുനഃപരീക്ഷ നടത്തിയതിൽ ചെലവായ 55,000/- രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.<br><br>കാലിക്കറ്റ് സർവ്വകലാശാലയിൽ 04.03.2022 ന് നടന്ന ഏപ്രിൽ 2021 രണ്ടാം സെമസ്റ്റർ ബിരുദ പരീക്ഷയുടെ (CBCSS 2019 Admn) കോമൺ കോഴ്സ് ഇംഗ്ലീഷ് ENG2A03 Writing for Academic and Professional Success (QP Code – C 4332) പരീക്ഷയുടെ ചോദ്യപേപ്പർ ആവർത്തിച്ചിട്ടുണ്ട്. ചോദ്യപേപ്പർ തയ്യാറാക്കിയ അധ്യാപകരിൽ നിന്നും വിശദീകരണം തേടുന്നതിനും ടി ചോദ്യപേപ്പർ തയ്യാറാക്കിയ അധ്യാപകനെ ചോദ്യപേപ്പർ തയ്യാറാക്കുന്ന അധ്യാപകരുടെ പാനലിൽ നിന്നും ഒഴിവാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br><br>കണ്ണൂർ സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ B.Sc.Psychology (2019 Syllabus - നവംബർ 2021 സെഷൻ) പരീക്ഷയുടെ |

| | | | |
|---|---|---|---|
| | | | 1. 3B05PSY : PSYCHOLOGY OF INDIVIDUAL DIFFERENCES<br>2. 3C03PSY : NEUROBIOLOGICAL PERSPECTIVE<br><br>എന്നീ കോഴ്സുകളുടെയും, നാലാം സെമസ്റ്റർ MSc. Mathematics (under CBCSS 2017 Syllabus മെയ് 2022 സെഷൻ) പരീക്ഷയുടെ MAT4E02 : FOURIER AND WAVELET ANALYSIS എന്ന കോഴ്സിന്റേയും ചോദ്യക്കടലാസുകൾ മുൻ തവണത്തേത് അതേപടി ആവർത്തിച്ചതിനാൽ, മേൽ UG കോഴ്സുകളുടെ പരീക്ഷകൾ മാറ്റി നടത്തിയിട്ടുണ്ട്. മൂന്നാം സെമസ്റ്റർ ബിരുദ പരീക്ഷയുടെയും (നവംബർ 2021 സെഷൻ) നാലാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷയുടെയും (മെയ് 2022 സെഷൻ) മറ്റു പ്രോഗ്രാമുകളുടെ ഫലങ്ങളോടൊപ്പം തന്നെ ടി പ്രോഗ്രാമുകളുടെയും ഫലങ്ങൾ പ്രഖ്യാപിക്കാനുള്ള നടപടികൾ സർവ്വകലാശാലയെടുത്തിട്ടുണ്ട്. ഭാവിയിൽ ചോദ്യപേപ്പർ ആവർത്തിക്കുന്നത് ഒഴിവാക്കുന്നതിനായി, 2020 പ്രവേശനം മുതൽ സർവ്വകലാശാല പഠന വകുപ്പുകളിൽ നടപ്പിലാക്കിയ ചോദ്യബാങ്ക്, ഓട്ടോമേറ്റഡ് ചോദ്യപേപ്പർ ജനറേഷൻ & ഓൺലൈൻ ട്രാൻസ്മിഷൻ സംവിധാനം കോളേജ് തലത്തിൽ കൂടി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കാലിക്കറ്റ് സർവ്വകലാശാലയിൽ 2019 ബാച്ചിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ ബി.എ./ബി.കോം./ബി.എസ്.സി. പരീക്ഷകളുടെ എത്ര ഉത്തരക്കടലാസുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത് ; ഉത്തരക്കടലാസ് നഷ്ടപ്പെടാൻ കാരണക്കാരായവരെ കണ്ടെത്തിയിട്ടുണ്ടോ; ഇവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | കാലിക്കറ്റ് സർവ്വകലാശാലയിൽ 2019 ബാച്ചിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ ബി.എ./ബി.കോം./ബി.എസ്.സി. പരീക്ഷകളുടെ 122 ഉത്തരക്കടലാസുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത്. പ്രസ്തുത വിഷയങ്ങളടങ്ങുന്ന കാര്യങ്ങൾ അന്വേഷിക്കുന്നതിന് സിൻഡിക്കേറ്റ് അഞ്ചംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി അന്വേഷണം നടത്തി വരികയാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി അതിനനുസൃതമായി സ്വീകരിക്കുന്നതാണ്. |
| (ഡി) | ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ട വിദ്യാർത്ഥികളുടെ പുനഃപരീക്ഷ നടന്നിട്ടുണ്ടോ; പുനഃപരീക്ഷയുടെ ഫലം വിദ്യാർത്ഥികളുടെ തുടർ പഠനം തടസ്സപ്പെടുത്താത്ത രീതിയിൽ പ്രസിദ്ധീകരിക്കാൻ സാധിക്കുമോ? | (ഡി) | ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് 2022 ജൂൺ മാസം 27, 28 തീയതികളിൽ പുനഃ പരീക്ഷ നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. ഫലപ്രഖ്യാപനം തുടർ പഠനത്തെ ബാധിക്കാതെ നടത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ